പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **825** 13.6.2012 ന് മറുപടിയ്ക്ക്

## പ്രായപരിധിയില്ലാതെ ക്ഷേമനിധി അംഗത്വം

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ.സി.രവീന്ദ്രനാഥ് | ശ്രീ.ഷിബു ബേബി ജോൺ<br>(ബഹു.തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| എ) ബാർബർ - ബ്യൂട്ടീഷ്യൻ തൊഴിലാളികൾക്ക് നിലവിൽ ക്ഷേമപദ്ധതിയിൽ ചേരുന്നതിന് പ്രായപരിധി നിജപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എത്രയാണെന്ന് വ്യക്തമാക്കാമോ; | എ) നിജപ്പെടുത്തിയിട്ടുണ്ട്. കേരള ബാർബർ-ബ്യൂട്ടീഷ്യൻസ് ക്ഷേമപദ്ധതിയിലെ അദ്ധ്യായം(2) ഖണ്ഡിക (4) നിയമപ്രകാരം 18 നും 50 നും മദ്ധ്യേ പ്രായമുള്ള ബാർബർ - ബ്യൂട്ടീഷ്യൻസ് തൊഴിലാളികൾക്ക് ഈ പദ്ധതിയിൽ അംഗമാകാൻ അർഹതയുണ്ടായിരിക്കുന്നതാണ്. |
| ബി) പ്രായപരിധി നിശ്ചയിക്കാതെ എല്ലാ തൊഴിലാളികൾക്കും പ്രസ്തുത ക്ഷേമപദ്ധതിയിൽ അംഗത്വം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | ബി) ഇപ്പോൾ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ